ജി3–28613/16

നഗരകാര്യ വകുപ്പ് ഡയറക്ടർ ഓഫീസ്
തിരുവനന്തപുരം, തീയതി, .12.2017

**16.12.2017 ല് 9.45 മണിക്ക് തിരുവനന്തപുരം തൈക്കാടുള്ള സർക്കാർ ഗസ്റ്റ് ഹൗസ് , ബാങ്കറ്റ് ഹാളിൽ വച്ച് നടന്ന നഗരസഭാ സെക്രട്ടറിമാരുടെ 2017 നവംബർ മാസം വരെയുള്ള മാസാന്ത്യ പ്രവർത്തന പുരോഗതി അവലോകന യോഗ നടപടികുറിപ്പുകൾ**

ഹാജർ അനുബന്ധം **I & II** ആയി ചേർത്തിരിക്കുന്നു.

കേരളത്തിലെ നഗരസഭകളുടെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി എല്ലാ മാസവും മൂന്നാമത്തെ ശനിയാഴ്ച ചേരുന്നതിനായി നിശ്ചയിച്ച പ്രകാരം 2017 നവംബർ മാസം വരെയുള്ള അവലോകനയോഗം 16 /12/ 2017ന് നഗരകാര്യ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ തൈക്കാടുള്ള സർക്കാർ ഗസ്റ്റ് ഹൗസിൽ_**ബാങ്കറ്റ് ഹാളിൽ**_വച്ച് രാവിലെ9 . 45മണി മുതൽ ആരംഭിച്ചു.

നഗരകാര്യ ഡയറക്ടർ ശ്രീമതി .ഹരിത വി കുമാർ ഐ എ എസ് അവലോകന യോഗത്തിൽ ഹാജരായിട്ടുള്ള നഗരസഭാ സെക്രട്ടറിമാരെയും നഗരസഭാ സെക്രട്ടറിമാരെ പ്രതിനിധീകരിച്ച് പങ്കെടുത്തവരെയും സ്വാഗതം ചെയ്തു.

2017 ഒക്ടോബർ മാസത്തിൽ IMG യിൽ വച്ചു നടന്ന ട്രെയിനിംഗിനെകുറിച്ച് മുനിസിപ്പൽ സെക്രട്ടറിമാരായ ശ്രീ.കെ. അഭിലാഷ്, ശ്രീമതി. വൃജ. എൻ.കെ. എന്നിവർ Powerpoint presentation നടത്തി. Accounts ട്രെയിനിംഗ് മെച്ചപ്പെടുത്തണം എന്ന് ആവശ്യപ്പെട്ടു.

## *ശ്രീമതി. ഹരിത.വി.കുമാർ. ഐ.എ.എസ്, നഗരകാര്യ വകുപ്പ് ഡയറക്ടർ*

ചെലവ് ശതമാനം ഏറ്റവും കുറവുള്ള 5 നഗരസഭാ സെക്രട്ടറിമാരേയും, ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻമാരേയുംമേഖലാ തലത്തിൽ പ്രത്യേകമായി യോഗം വിളിച്ച് അവലോകനം നടത്തി ആയതിന്റെ റിപ്പോർട്ട് സമർപ്പിയ്ക്കേണ്ടതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകി.

തുടർച്ച . . . . . .2/

മുനിസിപ്പൽ സെക്രട്ടറിമാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിഷ്കരിയ്ക്കാൻ തീരുമാനം എടുത്തിട്ടുള്ളതായി അറിയിച്ചു. പരിഷ്കരിച്ച കോൺഫിഡൻഷ്യൽ റിപ്പോർട്ടിൽ Plan Implementation, Revenue Collection, Building Permit Disposal, Central Sector Schemes, Court Cases Pending, Waste Processing തുടങ്ങി 18 കാര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതായിരിയ്ക്കുമെന്ന് അറിയിച്ചു.

Septage Treatment Managementനു വേണ്ടിയുള്ള ബൈലാ തയ്യാറാക്കുന്നതിന് തിരൂർ നഗരസഭാ സെക്രട്ടറി ശ്രീ. വിനു.സി. കുഞ്ഞപ്പനെ ചുമതലപ്പെടുത്തി.

ഫെബ്രുവരി 15-ഓടു കൂടി എല്ലാ വിഭാഗം ജീവനക്കാർക്കും ക്രെഡിറ്റ് കാർഡ് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിയ്ക്കുന്നതായി ഡയറക്ടർ അറിയിച്ചു.

പി.എഫ്. നമ്പർ അനുവദിച്ചിട്ടില്ലാത്ത കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കി എത്രയും പെട്ടെന്ന് ഡയറക്ടർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

പി.എഫ്. വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി എല്ലാ ജീവനക്കാർക്കും ലോഗിൻ ഐ.ഡി. നൽകിയിട്ടുണ്ടോയെന്ന് സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതാണെന്ന് അറിയിച്ചു.

അധികമായി ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ ആവശ്യമുണ്ടെങ്കിൽ അറിയിയ്ക്കേണ്ടതാണെന്നും, ജനുവരി 15-നു മുൻപായി ഡാറ്റാ എൻട്രി (റഗുലർ വിഭാഗം ജീവനക്കാരുടെ) പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ചു.

പി.എഫ് കോൺട്രിബ്യൂഷൻ ക്രെഡിറ്റ് ചെയ്യാത്ത നഗരസഭകൾക്ക് പെൻഷൻ അലോട്ട്മെന്റ് അനുവദിയ്ക്കുന്നതല്ലെന്നും, പി.എഫ്. കോൺട്രിബ്യൂഷൻ കൃത്യമായി ഒടുക്കിയതിനുശേഷം മാത്രമേ ആയത് അനുവദിച്ചു നൽകുകയുള്ളൂ എന്നും അറിയിച്ചു.

Municipal Day Celebration 2018 ജനുവരി 19, 20 തീയതികളിൽ സുൽത്താൻ ബത്തേരിയിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചു.

തുടർച്ച . . . . . .3/

## *പ്രധാന മന്ത്രി ആവാസ് യോജന (PMAY)*

ലൈഫ് പദ്ധതിയോടനുബന്ധമായി ജങ്കഅഥ പദ്ധതിയുടെ പുരോഗതി ശ്രീ.ബിനു ഫ്രാൻസിസ് വിവരിച്ചു. വിവിധ തലങ്ങളിൽ നഗരസഭകൾ കൈവരിച്ചു വരുന്ന പുരോഗതി വിശദമാക്കുകയും മുന്നോട്ടുള്ള ദിവസങ്ങളിൽ നഗരസഭകൾ നടത്തേണ്ട പ്രവർത്തനങ്ങളെ പ്പറ്റിയും വിശദീകരിച്ചു. നഗരകാര്യ ഡയറക്ടർ ആവശ്യമായ ഇടപെടൽ നടത്തുകയും പദ്ധതി പ്രവർത്തനങ്ങളിലെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്തു. പദ്ധതി വിവരങ്ങളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

4 നഗരസഭകൾ അന്തിമ ഡി.പി.ആർ സമർപ്പിക്കാൻ 100% ആക്കിയിട്ടുണ്ട്
50 നഗരസഭകൾ HFAPOA സമർപ്പിച്ചിട്ടുണ്ട്
ഒരു ദിവസം ശരാശരി 130 വീടുകൾക്ക് പെർമിറ്റ് നൽകി വരുന്നു
.

ആകെ 2.35 ലക്ഷം അപേക്ഷകൾ MIS-ൽ എൻട്രി വരുത്തിയിട്ടുള്ളതും 29631 ഡി.പി.ആർ ങ്കട-ൽ ചേർത്തിട്ടുള്ളതുമാണ് . MISറിപ്പോർട്ട് പ്രകാരം 8350 വീടുകൾക്ക് ജിയോ ടാഗിംഗ് പൂർത്തിയാക്കിയിട്ടുള്ളതും 19529 അപേക്ഷകൾ ആധാർ ചേർത്തിട്ടുള്ളതുമാണ്.

വീടുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിവിധ പ്രശ്നങ്ങളെ നഗരസഭാ സെക്രട്ടറി തല ത്തിൽ പരിഹരിക്കാവുന്നവ, സെക്രട്ടറി തലത്തിൽ പരിഹരിക്കാനാകത്തവ എന്നിങ്ങനെ തരംതിരിച്ച് മേൽ ഇടപെടൽ ആവശ്യമുള്ളവ അറിയിക്കേണ്ടതതാണെന്നും, ബിൽഡിംഗ് പെർമിറ്റുകൾ നൽകുന്നത് വേഗത്തിലാക്കുന്നതിന് ആർ.ഡി.ഒ , ഡി.ഒ മാർക്ക് ഡി.ഒ ലെറ്ററു കൾ അയയ്ക്കുന്നതാണെന്നും അറിയിച്ചു.

കേന്ദ്ര സർക്കാരിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കുന്നതിന് പ്രവർത്തികൾ സമയബന്ധി തമായി പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചു. ആയതിനായി MIS-ൽ ഡി.പി.ആർ ചേർക്കു ന്നത് എല്ലാം നഗരസഭകളും 100% ആക്കേണ്ടതാണ്, ജിയോ ടാഗിംഗ് ആധാർ ബന്ധിക്കൽ എന്നിവ 100% ആക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിലാക്കുക, സാമ്പത്തിക പുരോഗ തി, ഭൗതിക പുരോഗതി എന്നിവ കൃത്യമായി MIS-ൽ എൻട്രി വരുത്തുക എന്നീ നിർദ്ദേശങ്ങൾ നൽകി.

തുടർച്ച . . . . . .4/

CLSS ലോണുകൾക്ക് എൻ.ഒ.സി ആവശ്യമില്ലാത്തതാണ്. എന്നാൽ സോഷ്യൽ ഓഡിറ്റും TPIMA യും കൃത്യമായി നടപ്പിൽ വരുത്തേണ്ടതാണ്.

തുടർന്ന്  ടെക്നിക്കൽ വിഭാഗം ലീഡർ നഗരസഭകളിലെ പദ്ധതി പ്രവർത്തനങ്ങളിലെ വെല്ലുവിളികളും അപാകതകളും ചർച്ച ചെയ്തു.

**<u>അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി</u>**

പദ്ധതി അവലോകനത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. വി. പി. അഭിലാഷ് വിവരിച്ചു.  പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭകൾക്ക് അനുവദിച്ചു നല്കിയ തുക വിനിയോഗിച്ച് പരമാവധി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് പുരോഗതി കൈവരിക്കുന്നതിന് നിർദ്ദേശിച്ചു. പുരോഗതി കൈവരിക്കുന്നതിനോടൊപ്പം അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ് പരമാവധി 6% അധികരിക്കാൻ പാടില്ലാത്തതിനാൽ പദ്ധതി നടക്കുമ്പോൾ ആയതിന് പ്രത്യേക ഊന്നൽ നല്കണമെന്ന് അറിയിച്ചു.  അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതിയുടെ 2017-18  വർഷത്തെ ലേബർ ബഡ്ജറ്റ് സമർപ്പിക്കാത്ത നഗരസഭകൾ അടിയന്തിരമായി സമർപ്പിക്കുന്നതിന് നിർദ്ദേശം നല്കി.  അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ സ്റ്റേറ്റ് ആവറേജ് 36ശതമാനമാണ്.  സ്റ്റേറ്റ് അവറേജിന് താഴെ നില്ക്കുന്ന 45 നഗരസഭകൾ സ്റ്റേറ്റ് ആവറേജിനു മുകളിൽ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കി.

2017-18 വർഷം സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ച നഗരസഭയുടെ ലേബർ ബജറ്റിൻ പ്രകാരമുള്ള തുകകൾ അനുവദിച്ചു നല്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി പ്രോഗ്രാം ഓഫീസർ അറിയിച്ചു.  കൊല്ലം, മുക്കം, മൂവാറ്റുപുഴ, കൂത്താട്ടുകുളം എന്നീ നഗരസഭകൾക്ക് അടിയന്തിരമായി പദ്ധതിയ്ക്കുവേണ്ടി തുക അനുവദിച്ച് തരണമെന്ന്

തുടർച്ച. . . . . . .5/

നഗരസഭാ സെക്രട്ടറിമാർ അറിയിക്കുകയുണ്ടായി. മുക്കം, കൂത്താട്ടുകുളം എന്നീ നഗരസഭകൾക്ക് അനുവദിച്ച തുക നല്കുന്നതിന് ട്രഷറിയിൽ ബില്ല് സമർപ്പിച്ചിട്ടുള്ളതായും കൊല്ലം നഗരസഭയ്ക്ക് അടിയന്തിരമായി തുക അനുവദിച്ച് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പ്രോഗ്രാം ഓഫീസർ അറിയിച്ചു.

## *ശുചിത്വ മിഷൻ*

### *1. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്റ്റ്*

ഇതുവരെ ഏജൻസിയെ കണ്ടെത്തിയിട്ടില്ലാത്ത നഗരസഭകൾ ഈ മാസം 25-ാം തീയതിയ്ക്കകം ഏജൻസിയെ ശറലിശേള്യ ചെയ്യണമെന്നും, തുടർന്ന് 60 ദിവസത്തിനകം ഉജഞ സമർപ്പിയ്ക്കേണ്ടതാണെന്നും അറിയിച്ചു.

കണ്ണൂർ, എറണാകുളം ജില്ലകൾ Agencyയെ identify ചെയ്യുന്നതിന് മുൻപന്തിയിലാണെന്നും, ഈ വിഷയത്തിൽ കൈക്കൊള്ളാത്ത നഗരസഭകൾ സമയപരിധിയ്ക്കുള്ളിൽ തന്നെ ഉജഞ തയ്യാറാക്കി നൽകിയെങ്കിൽ മാത്രമേ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട് വാങ്ങി എടുക്കാൻ കയിവുകയുള്ളവവെന്നും, ആയതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കണമെന്നും അിറയിച്ചു.

### 2. *സ്വച്ഛ് ഭാരത് മിഷൻ (അർബൻ)*

ആവശ്യാനുസരണമുള്ള CT/PT seat-കൾ നിർമ്മിച്ചിട്ടുള്ളതിനുള്ള ശുചിത്വ മിഷൻ ഫണ്ട്ലഭ്യമാണെങ്കിലും എല്ലാ നഗരസഭകളും ആയതിനുള്ള അപേക്ഷ നൽകിയിട്ടില്ലെന്നും, CT/PT ഭൗതികലക്ഷ്യം നേടുന്നതിനായി എല്ലാ നഗരസഭകളും ആയതിന് നടപടികൾ സ്വീകരിയ്ക്കണമെന്നും നിർദ്ദേശിച്ചു. ഗാർഹിക ശൗചാലയ നിർമ്മാണത്തിന് അനുവദിച്ചതിൽ ബാക്കിയുള്ള തുക ഇതിനായി ഉപയോഗിക്കാൻ കഴിയുമെന്നും, ഈ വർഷം തന്നെ പൂർത്തിയാക്കാൻ ആത്മാർത്ഥമായി ശ്രമിയ്ക്കണമെന്നും അറിയിച്ചു.

തുടർച്ച . . . . . .6/

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഒ.ഡി.എഫ്. സ്റ്റാറ്റസ് റിപ്പോർട്ട് ചെയ്താൽ ഉടൻ ഒ.ഡി.എഫ്. പ്രഖ്യാപനം നടത്താൻ കഴിയുമെന്ന് അറിയിച്ചു.

നിലവിലുള്ള ടോയ്ലെറ്റുകൾ വൃത്തിയായി സൂക്ഷിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്ന് അറിയിച്ചു.

*3. ശുചിത്വ മാലിന്യ ഉപമിഷൻ (ഹരിത കേരളം)*

ഹരിത കർമ്മസേന രൂപീകരിച്ചിട്ടില്ലാത്ത നഗരസഭകൾ അടിയന്തിരമായി ആയതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്ന് നിർദ്ദേശിച്ചു.

4. *പ്രീ–മൺസൂൺ കാമ്പയിൻ*

മുൻ വർഷങ്ങളിൽ പ്രീ–മൺസൂൺ ക്ളീനിംഗിന് വേണ്ടി നഗരസഭകൾക്ക് ശുചിത്വ മിഷനിൽ നിന്നും അനുവദിച്ച് നൽകിയിട്ടുള്ള ഫണ്ടിന്റെ utilization അടിയന്തിരമായി നൽകണമെന്നും, ആയത് നൽകിയെങ്കിൽ മാത്രമേ അടുത്ത വർഷത്തേയ്ക്കുള്ള ശുചിത്വ മിഷൻ ഫണ്ട് അനുവദിയ്ക്കാൻ കഴിയുകയുള്ളൂവെന്നും അറിയിച്ചു.

*5. ബയോ ഗ്യാസ് പ്ളാന്റ്*

കമ്മ്യൂണിറ്റി ബയോ ഗ്യാസ് പ്ളാന്റുകളുടെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ലായെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം ലഭിച്ചിട്ടുള്ളതിനാൽ ആയത് പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്നും അറിയിച്ചു.

## *ലൈഫ് മിഷൻ*

നഗരങ്ങളിൽ 12,000 ഓളം പൂർത്തീകരിക്കാതെ ഭവനങ്ങളുണ്ടെന്ന് പ്രോഗ്രാം ഓഫീസർ ശ്രീ.ബിനു ഫ്രാൻസിസ് അറിയിച്ചു. 23/12/2017 നകം എല്ലാ നഗരസഭകളും ഗുണഭോക്തൃസംഗമം നടത്തണമെന്ന് നിർദ്ദേശിച്ചു.

തുടർച്ച . . . . . 7/

13 നഗരസഭകൾ പണി പൂർത്തീകരിക്കാത്ത ഭവനങ്ങൾക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്ന് അറിയിച്ചു.

38 നഗരസഭകൾക്ക് തുക വകയിരുത്തുന്നതിന് മേഖലാ വിഭജനം ഒഴിവാക്കേണ്ടിവരുമെന്നും അറിയിച്ചു. 30/12/2017 ന് മുമ്പ് ഗുണഭോക്തൃസംഗമം നടത്താൻ കഴിയില്ലായെന്ന് തിരൂർ നഗരസഭാ സെക്രട്ടറി അറിയിച്ചു. എല്ലാ നഗരസഭകളും ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് ശ്രീ.ബിനു ഫ്രാൻസിന് നിർദ്ദേശിച്ചു. 6 നഗരസഭകളിലായി 424 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം, കൊയിലാണ്ടി, ഷൊർണ്ണൂർ, മുക്കം, കൊടുങ്ങല്ലൂർ, തൃപ്പൂണിത്തുറ എന്നിവയാണവ.ലൈഫ് മിഷന്റെ Technical wing ന്റെ തലവനായ ശ്രീ.സുന്ദരം (Rtd CE LSGD) വിവിധ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാറ്റ് നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുവാൻ പ്രാഥമികമായി ഉറപ്പുവരുത്തേണ്ട ഘടങ്ങളെപ്പറ്റി വിശദമായി സംസാരിച്ചു.

പദ്ധതി നിർവഹണത്തെയും ഫണ്ട് വിനിയോഗത്തെയും പറ്റി വിശദമായി ചർച്ച ചെയ്യുകയും ബഹുമാനപ്പെട്ട ഡയറക്ടർ അവലോകനം നടത്തുകയും ചെയ്തു.

| ക്രമ നം. | നഗരസഭയുടെ പേര് | 16/12/017 ലെ പദ്ധതി ചെലവ് | പ്രതീക്ഷിത ചെലവ് Budget | Treasury bill |
|---|---|---|---|---|
| 1 | കൊടുവള്ളി | 14.2% | ----- | 20.21 |
| 2 | ശ്രീകണ്ഠപുരം | 17.1% | ----- | 22.84 |
| 3 | കാസറഗോഡ് | 17.91 | 30% | 18.38 |
| 4 | വടക്കാഞ്ചേരി | 18.62 | 40% | 25.33 |
| 5 | പന്തളം | 18.93 | -- | 28.4 |
| 6 | ചങ്ങനാശ്ശേരി | 19.03 | 40% | 24.58 |
| 7 | തിരൂരങ്ങാടി | 19.11 | 70% | 25.87 |
| 8 | മട്ടന്നൂർ | 19.35 | 35% | 20.45 |
| 9 | കോട്ടക്കൽ | 20.27 | 40% | 27.12 |
| 10 | പാനൂർ | 20.30 | 40% | 25.40 |
| 11 | തലശ്ശേരി | 21.07 | 40% | 25.27 |
| 12 | ഇരിങ്ങാലക്കുട | 21.46 | 40% | 26 |
| 13 | കൊയിലാണ്ടി | 22.12 | 40% | 26.38 |
| 14 | കായംകുളം | 22.55 | 35% | 24.36 |
| 15 | മണ്ണാർക്കാട് | 22.84 | 40% | 23.8 |
| 16 | കൂത്താട്ടുകുളം | 23.22 | 45 | 32.7 |
| 17 | വർക്കല | 23.45 | 40% | 27.73 |
| 18 | സൗത്ത് പറവൂർ | 23.83 | 45% | 28.76 |
| 19 | വളാഞ്ചേരി | 24.68 | 40% | 26.86 |
| 20 | മാവേലിക്കര | 24.75 | 45% | 28.2 |
| 21 | നീലേശ്വരം | 25.87 | 40% | 27.74 |

പദ്ധതിചെലവ് പിന്നിൽ നിൽക്കുന്ന കോർപ്പറേഷനുകൾ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട ഡയറക്ടർ നിർദ്ദേശിച്ചു.

| ക്രമ നം. | നഗരസഭയുടെ പേര് | നിലവിലെ പദ്ധതി ചെലവ് | ട്രഷറി ബിൽ ഉൾപ്പെടെ ചെലവ് |
|---|---|---|---|
| 1 | കൊല്ലം | 38.5 | 45.66 |
| 2 | കണ്ണൂർ | 28.94 | 36.78 |
| 3 | കൊച്ചി | 24.37 | 28.04 |
| 4 | കോഴിക്കോട് | 25.44 | 27.08 |
| 5 | തിരുവനന്തപുരം | 23.41 | 26.76 |
| 6 | തൃശ്ശൂർ | 18.19 | 24.36 |

## <u>KIIFB</u>

പുതിയ നഗരസഭകൾക്ക് കെട്ടിടം പണിയുന്നതിന് നീലേശ്വരം നഗരസഭ പ്രോജക്ട് സമർപ്പിക്കുന്നില്ലായെന്ന് സെക്രട്ടറി അറിയിച്ചു.

പിറവം –3 കോടിയുടെ പ്രോജക്ട് DPR 27/12 ന് സെക്രട്ടറി കൊണ്ടുതരണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു.

ഫറോക് Dec 30 നകം DPR നൽകണം
കൂത്താട്ടുകുളം Dec 30 നകം DPR നൽകണം

തുടർച്ച . . . . . .9/

## Modernisation of markets

തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ എന്നീ കോർപ്പറേഷനുകൾക്ക് പദ്ധതി ആവശ്യമുണ്ട്. തിരൂർ നഗരസഭ 15 കോടിയുടെ പദ്ധതിക്കv DPR തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിച്ചു.പാലക്കാട് നഗരസഭയും 19 കോടിക്ക് DPR തയ്യാറാക്കിയിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു. മലപ്പുറം നഗരസഭക്ക് പദ്ധതി ആവശ്യമുണ്ടെന്ന് നഗരസഭാ സെക്രട്ടറി പറഞ്ഞു. പുനലൂർ നഗരസഭക്ക് 2.5 ഏക്കർ സ്ഥലമുണ്ടെന്ന് സെക്രട്ടറി അറിയിച്ചു.

**ഈ്യലാമഭ്യൈശൗാ**

പൊതുശ്മശാനത്തിന് ഫണ്ട് ആവശ്യമുള്ളവർ ജനുവരി 15 ന് മുമ്പ് DPR സമർപ്പിക്കണമെന്ന് ഡയറക്ടർ അറിയിച്ചു.

**നഗരസഭകൾ**

1. പൊന്നാനി – 5.5 Acre Land
2. നെടുമങ്ങാട്
3. ഇരിട്ടി
4. പാലാ – estimate submitted
5. നീലേശ്വരം
6. കായംകുളം – DPR submitted
7. വളാഞ്ചേരി – സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഫണ്ട് വേണം
8. താനൂർ – സ്ഥലം ഏറ്റെടുക്കുന്നത് ഉൾപ്പെടെ ഫണ്ട് വേണം
9. പാലക്കാട്
10. ഫെറോഖ്
11. തളിപ്പറമ്പ്

തുടർച്ച . . . . . .10/

## STP യ്ക്ക് ഫണ്ട് ആവശ്യമുള്ളവർ

പൊന്നാനി നഗരസഭയിൽ 2 ഹോസ്പിറ്റലുകൾ നിർമ്മിക്കുന്ന പ്ലാന്റിനായ് 50 ലക്ഷത്തിന്റെ DPR തയ്യാറാക്കിയിട്ടുണ്ടെന്നും, ഒരു പ്ലാന്റ് കൂടി ആവശ്യമുള്ളതായും സെക്രട്ടറി അിറയിച്ചു.

കട്ടപ്പന നഗരസഭയ്ക്ക് STP പ്ലാന്റ് ആവശ്യമുണ്ടെന്നും, എന്നാൽ ടി പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

തിരൂർ നഗരസഭയിൽ സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ടെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു.

ഏറ്റുമാനൂർ നഗരസഭ DPR ശുചിത്വമിഷന് സമർപ്പിച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചു.

## Engineering സ്റ്റാഫിന്റെ കുറവ്

ഷൊർണ്ണൂർ , നെടുമങ്ങാട്, ഇരിട്ടി, അടൂർ, സൗത്ത് പറവൂർ, പയ്യോളി, പന്തളം, തിരൂരങ്ങാടി, നോർത്ത് പറവൂർ നഗരസഭകളിൽ എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ കുറവ് പദ്ധതി പ്രവർത്തനത്തെ വളരെയധികം ബാധിക്കുണ്ടെന്ന് സെക്രട്ടറിമാർ അറിയിച്ചു. ടി വിഷയം LSGD Engineering Department-ന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണെന്ന് ഡയറക്ടർ അറിയിച്ചു.

**ഇരിങ്ങാലക്കുട നഗരസഭയിൽ** 207 എഞ്ചിനീയറിംഗ് പ്രോജക്ടുകൾ re-tender ചെയ്തിട്ട് 14 എണ്ണം മാത്രമേ കരാറുകാർ tender എടുത്തിട്ടുള്ളൂവെന്ന് സെക്രട്ടറിയ്ക്കുവേണ്ടി ഹാജരായ സൂപ്രണ്ട് അറിയിച്ചു. ഈ അവസ്ഥയിൽ സാദ്ധ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു. കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ ഈ വിഷയത്തിൽ ഇടപെടണമെന്നും പ്രത്യേകമായി ശ്രദ്ധിയ്ക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

തുടർച്ച . . . . .11/

## *അമൃത് പദ്ധതി – മിഷൻ സിറ്റി – പ്രത്യേക അവലോകനം*

നഗരകാര്യ ഡയറക്ടർ അമൃത് പദ്ധതി നടത്തിപ്പിലെ മന്ദഗതിയെക്കുറിച്ച ആമുഖമായി സെക്രട്ടറിമാരോട് വിശദീകരിക്കുകയും തുടർന്ന് പദ്ധതി ത്വരിത ഗതിയിലാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. ഓരോ അമൃത് മിഷൻ സിറ്റികളിലെയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ സംബന്ധിച്ചും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ സാങ്കേതികാനുമതി നേടുന്നതിനെ സംബന്ധിച്ചും സെക്രട്ടറിമാർ സ്വീകരിച്ച നടപടികൾ യോഗം വിലയിരുത്തുകയും ഓരോ നഗരസഭകളും സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്തു.

### തിരുവനന്തപുരം കോർപ്പറേഷൻ

അമൃത് പദ്ധതിയിൽ കോർപ്പറേഷൻ തയ്യാറാക്കേണ്ട— സ്റ്റോംവാട്ടർ ഡ്രെയിനേജിലെ 3 പ്രോജക്ടുകളുടെയും അർബൻ ട്രാൻസ്പോർട്ടിലെ 7 പ്രോജക്ടുകളുടെയും പാർക്ക് സെക്ടറിലെ 2 പ്രോജക്ടുകളുടെയും നഗരസഭ തയ്യാറാക്കേ ഡി.പി.ആർ. കൾ 28.12.2017 ന് മുൻപായി സാങ്കേതിക സമിതിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങാവുന്നതാണെന്ന് സെക്രട്ടറി അറിയിക്കുകയുായി.

കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് സാങ്കേതികാനുവാദം ലഭിക്കേണ്ട പദ്ധതികളുടെ സാങ്കേതികാനുവാദം 30.12.2017 ന് മുൻപ് വാങ്ങി ജനുവരി 2018 ന് മുൻപ് ടെൻഡർ നടപടികൾ പൂർത്തികരിക്കേതാണെന്ന് ഡയറക്ടർ യോഗത്തിൽ ആവശ്യപ്പെട്ടു. കൂടാതെ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കേണ്ടതായ ഡി.പി.ആർ.കൾ എത്രയും വേഗം ലഭ്യമാക്കി സാങ്കതികാനുവാദം നേടേണ്ടതാണ്, ഇതിനായി സെക്രട്ടറി, വാട്ടർ അതോറിറ്റിയിൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആശയവിനിമയം നടത്തി നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു.

തുടർച്ച . . . . .12/

**കൊല്ലം കോർപ്പറേഷൻ**

അമൃത് പദ്ധതിയിൽ അംഗീകാരം ലഭിച്ച 32 പദ്ധതിയിൽ സ്വിവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ 6 പദ്ധതികളുടെ ഡി.പി.ആർ. കൾ മാത്രമെ തയ്യാറാക്കേണ്ടതായുള്ളൂ എന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. കുരീപ്പുഴയിലെ നിർദ്ദിഷ്ട സ്വിവറേജ് പ്ലാന്റിന് സ്ഥലത്തെ സംബന്ധിച്ച ആശയക്കുഴപ്പം ഇതുവരെ നീങ്ങിയിട്ടില്ല. എന്നാൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൺസൾട്ടൻസിയെ ക്ഷണിച്ചിട്ടു് ആർ. എഫ്.പി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിനാൽ ഉടൻ ടെന്റർ നടപടികളിലേക്ക് കടക്കാൻ സാധിക്കും.

കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗം സാങ്കേതികാനുവാദം നൽകുവാനുള്ള പദ്ധതികൾക്ക് എത്രയും വേഗം സാങ്കേതികാനുമതി ലഭ്യമാക്കി ടെന്റർ നടപടികളിലേയ്ക്ക് കടക്കുവാനുള്ള നടപടികൾക്ക് സെക്രട്ടറി മേൽനോട്ടം വഹിക്കണമെന്നും വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് വാട്ടർ സപ്ലൈ സെക്ടറിലെ പദ്ധതികളുടെ ടെന്റർ നടപടികൾ ത്വരിതപ്പെടുത്തുവാനും ഡയറക്ടർ നിർദ്ദേശിച്ചു.

**ആലപ്പുഴ മുനിസിപ്പാലിറ്റി**

ആലപ്പുഴ മുനിസിപ്പാലിറ്റിയിയിൽ സ്വിവറേജ് സെക്ടറിൽ 3 പ്രോജക്ടുകളും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 1 പ്രോജക്ടും ഡി.പി.ആർ. തയ്യാറാക്കി നൽകേതുണ്ട് എന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. അതിൽ സ്റ്റോം വാട്ടർ ഡ്രെയനേജ് സെക്ടറിലെ 1 പ്രോജക്ടിന്റെയും സ്വിവറേജ് സെക്ടറിലെ 1 പ്രോജക്ടിന്റെയും ഡി.പി.ആർ. 28.12.2017 ന് മുൻപ് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചു. സ്വിവറേജ് സെക്ടറിലെ പ്രോജക്ടുകൾക്ക് സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത പ്രോജക്ടുകൾക്കായി ഉൾപ്പെടുത്തിയ തുക മുൻഗണനാ ലിസ്റ്റിലെ കുടിവെള്ളവിതരണ സെക്ടറിൽ അംഗീകാരം വാങ്ങുന്നതിന് നിർദ്ദേശിച്ചു.

തുടർച്ച . . . . .13/

ഭരണാനുവാദം ലഭിച്ചിട്ടുള്ള അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെയും പാർക്ക് സെക്ടറിലെയും പ്രോജക്ടുകൾക്ക് സമയബന്ധിതമായി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തോടും മുനിസിപ്പൽ എഞ്ചിനീയർക്കും നിർദ്ദേശം നൽകുന്നതിനുള്ള കത്ത് തയ്യാറാക്കി നൽകുവാൻ സെക്രട്ടറിയോട് ആവശ്യപ്പെടുകയും ചെയ്തു. സാങ്കേതികാനുവാദം ലഭിച്ച പദ്ധതികൾ 2018 ജനുവരി മാസത്തിനുള്ളിൽ ടെന്റർ നടപടി പൂർത്തീകരിക്കണമെന്നും ഡയറക്ടർ ആവശ്യപ്പെട്ടു.

**<u>കൊച്ചി കോർപ്പറേഷൻ</u>**

കൊച്ചി കോർപ്പറേഷൻ സ്വിവറേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 2 പ്രോജക്ടും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ 13 പ്രോജക്ടും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 8 പ്രോജക്ടും പാർക്ക് സെക്ടറിൽ 5 പ്രോജക്ടും ഡി.പി.ആർ തയ്യാറാക്കേതായുണ്ട്. ഇതിൽ സ്വിവറേജ് ആന്റ് സെപ്റ്റേജ് സെക്ടറിലെയും സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെയും എല്ലാ പ്രോജക്ടുടെയും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 50 ലക്ഷം രൂപയിൽ താഴെവരുന്ന പ്രോജക്ടുകളുടെയും ഡി.പി.ആർ. കൾ 28.12.2017 ന് മുൻപായി സമർപ്പിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 50 ലക്ഷം രൂപയിൽ മുകളിൽ വരുന്ന പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കെ.എം.ആർ.എല്ലുമായി ചർച്ച നടത്തി വരികയാണെന്ന് ഡയറക്ടർ അറിയിച്ചു.

അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ ഭരണാനുവാദവും സാങ്കേതികാനുവാദം ലഭിച്ചിട്ടുള്ള പദ്ധതികളുടെ ടെന്റർ നടപടികൾ ഈ മാസം തന്നെ സ്വീകരിക്കണമെന്ന് ഡയറക്ടർ നിർദ്ദേശിച്ചു. സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിൽ ഭരണാനുവാദം ലഭിച്ച തേവര പെരണ്ടൂർ കനാൽ നവീകരണ പദ്ധതി (22.18 കോടി രൂപ) യുടെ സാങ്കേതികാനുവാദം ചീഫ് എഞ്ചിനീയറിൽ നിന്ന് വാങ്ങുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നും അമൃത് പദ്ധതികളുടെ ഒരു വർക്കിംഗ് കലർ തയ്യാറാക്കണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

തുടർച്ച . . . . .14/

തൃശ്ശൂർ കോർപ്പറേഷൻ

തൃശ്ശൂർ കോർപ്പറേഷനിൽ സ്വിവറേജ് ആന്റ് സെപ്റ്റേജ് സെക്ടറിൽ 4 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കൺസൾട്ടൻസിനെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. പ്രസ്തുത 4 പ്രോജക്ടുകളുടെയും ഡി.പി.ആർ. കൾ 28.12.2017 ന് മുൻപ് സമർപ്പിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ 1 പ്രോജക്ടും അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ 1 പ്രോജക്ടും പാർക്ക് സെക്ടറിലെ 7 പ്രോജക്ടും 28.12.2017 ന് മുൻപായി എസ്.എൽ.റ്റി.സി. യിൽ സമർപ്പിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

പാർക്ക്, അർബൻ ട്രാൻസ്പോർട്ട്, സ്റ്റോം വാട്ടർ സെക്ടറുകളിൽ ഭരണാനുവാദം ലഭിച്ചിട്ടുള്ള പദ്ധതികളുടെ സാങ്കേതികാനുവാദം കോർപ്പറേഷൻ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്താനായി സെക്രട്ടറിയെ ചുമതലപ്പെടുത്തി.

നഗരത്തിലെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള വാട്ടർ സപ്ലൈ സെക്ടറിലെ പ്രോജക്ട് കോർപ്പറേഷൻ ചെയ്യുന്നതായി സെക്രട്ടറി യോഗത്തെ അറിയിച്ചു. പ്രസ്തുത പ്രോജക്ട് കോർപ്പറേഷൻ കോർപ്പറേഷൻ സെക്രട്ടറിയും വാട്ടർ അതോറിറ്റി എഞ്ചിനീയർമാരും ചർച്ച ചെയ്തു. 2 ദിവസത്തിനും മറുപടി നൽകണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു.

തൃശ്ശൂർ കോർപ്പറേഷൻ തയ്യാറാക്കി നൽകേ എല്ലാ പ്രോജക്ടുകളുടെ ഡിപി.ആർ. കൾ നിശ്ചിത തീയതിയ്ക്കുള്ളിൽ എസ്സ്.എൽ.റ്റി.സി. യിൽ സമർപ്പിച്ചു അംഗീകാരം വാങ്ങണമെന്നും ഡയറക്ടർ നിർദ്ദേശിച്ചു. സാങ്കേതികാനുവാദം ലഭിച്ച പദ്ധതികൾ 2018 ജനുവരി മാസത്തിനുള്ളിൽ ടെന്റർ നടപടി പൂർത്തീകരിക്കണമെന്നും ഡയറക്ടർ ആവശ്യപ്പെട്ടു.

തുടർച്ച . . . . .15/

ഗുരുവായൂർ മുനിസിപ്പാലിറ്റി

ഗുരുവായൂർ നഗരസഭയിൽ നിന്നും സെക്രട്ടറിയെ പ്രതിനിധീകരിച്ചെത്തിയ ഹെൽത്ത് സൂപ്പർവൈസർ ശ്രീ. എം.എം. ഗോപാലൻ അമൃത് പദ്ധതി നടപ്പിലാക്കുന്ന മിഷൻ സിറ്റികളിലെ സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ പങ്കെടുക്കാതിരുന്നതിനാൽ ആയതിന് കാരണം കാണിക്കൽ നോട്ടീസ് നൽകുന്നതിന് ഡയറക്ടർ നിർദ്ദേശിച്ചു.

സ്വിവറേജ് സെക്ടറിലെ 2 പ്രോജക്ടുകളുടെയും, വാട്ടർ സപ്ലൈ സെക്ടറിൽ നഗരസഭ തയ്യാറാക്കേതായ 1 പ്രോജക്ടിന്റെയും ഡി.പി.ആർ. തയ്യാറാക്കേതുന്ന് ഡയറക്ടർ അറിയിച്ചു. പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. 28.12.2017 ന് മുൻപായി തയ്യാറാക്കി നൽകണമെന്ന് സെക്രട്ടറിയെ അറിയിക്കുവാൻ അമൃത് ടീമിനെ ചുമതലപ്പെടുത്തി. സെക്രട്ടറിയുടെ അസാന്നിദ്ധ്യത്തിൽ നഗരസഭയിലെ അമൃത് പദ്ധതികളെ കുറിച്ചുള്ള ചർച്ച നടന്നില്ല.

പാലക്കാട് മുനിസിപ്പാലിറ്റി

പാലക്കാട് മുനിസിപ്പാലിറ്റിയിൽ സ്വിവറേജ് സെക്ടറിൽ 1 പ്രോജക്ടിന്റെയും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 3 പ്രോജക്ടുകളുടെയും ഡി.പി.ആർ. തയ്യാറാക്കി നൽകാനുണ്ട്. അതിൽ സ്വിവറേജ് സെക്ടറിലെ ഡി.പി.ആർ. 28.12.2017 ന് മുൻപ് സമർപ്പിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ പ്രോജക്ടുകൾ ഒഴിവാക്കുന്നതായി സെക്രട്ടറി അറിയിച്ചു. അതിൽ സെക്ടർ മാറി ചിലവഴിക്കുകയാണെങ്കിൽ മുൻഗണനാലിസ്റ്റിൽപ്പെട്ട വാട്ടർ സപ്ലൈ സെക്ടറിലും സ്വിവറേജ് സെക്ടറിലും ചിലവ് ചെയ്യണമെന്ന് നിർദ്ദേശിച്ചു.

ഭരണാനുമതി ലഭിച്ച പദ്ധതികളുടെ സാങ്കേതികാനുമതി നേടിയെടുക്കാനുള്ള നടപടികൾക്ക് സെക്രട്ടറി മേൽനോട്ടം വഹിക്കണമെന്നും സാങ്കേതികാനുവാദം ലഭിച്ച പദ്ധതികൾ 2018 ജനുവരി മാസത്തിനുള്ളിൽ ടെന്റർ നടപടി പൂർത്തീകരിക്കണമെന്നും ഡയറക്ടർ ആവശ്യപ്പെട്ടു.

തുടർച്ച . . . . .16/



കോഴിക്കോട് കോർപ്പറേഷൻ

കോഴിക്കോട് കോർപ്പറേഷൻ സ്വിവറേജ് സെക്ടറിൽ 3 പ്രോജക്ടുകളുടെയും അർബൻ ട്രാൻസ്പോർട്ട് സെക്ടറിൽ 1 പ്രോജക്ടിന്റെയും ഡി.പി.ആർ. തയ്യാറാക്കി നൽകാനുണ്ട്. അതിൽ സ്വിവറേജ് സെക്ടറിലെ ഡി.പി.ആർ. കൾ 28.12.2017 ന് മുൻപ് സമർപ്പിക്കുമെന്ന് സെക്രട്ടറി അറിയിച്ചു. അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ പ്രോജക്ട് കെ.എം.ആർ.എൽ. ന്റെ തീരുമാനത്തിനായി നൽകിയിട്ടുള്ളതായും അറിയിച്ചു.

സാങ്കേതികാനുവാദം ലഭിക്കേണ്ട പാർക്ക്, സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ എല്ലാ പ്രോജക്ടുകൾക്കും സമയബന്ധിതമായി സാങ്കേതികാനുവാദം നൽകുന്നതിന് കോർപ്പറേഷൻ എഞ്ചിനീയർ വിംഗിനും തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്കും കത്ത് നൽകുന്നതിന് സെക്രട്ടറിയോട് ഡയറക്ടർ നിർദ്ദേശിച്ചു. സാങ്കേതികാനുവാദം ലഭിച്ച പദ്ധതികൾ 2018 ജനുവരി മാസത്തിനുള്ളിൽ ടെന്റർ നടപടി പൂർത്തീകരിക്കണമെന്നും ഡയറക്ടർ ആവശ്യപ്പെട്ടു.

**കണ്ണൂർ കോർപ്പറേഷൻ**

കണ്ണൂർ കോർപ്പറേഷനിൽ സ്വിവറേജ് സെക്ടറിൽ ഡി.പി.ആർ. ലഭിക്കേണ്ട 1 പ്രോജക്ടിന്റെ ഡി.പി.ആർ. 28.12.2017 ന് മുൻപ് സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു.

ഭരണാനുവാദം ലഭിച്ചിട്ടുള്ള പ്രോജക്ടുകൾ സമയബന്ധിതമായി സാങ്കേതികാനുവാദം വാങ്ങുന്നതിനും ടെന്റർ നടപടികൾ സ്വീകരിക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി.

യോഗം 7 മണിയോടുകൂടി അവസാനിച്ചു.

(ഒപ്പ്/)
(ഹരിത.വി.കുമാർ. ഐ.എ.എസ്.)
ഡയറക്ടർ നഗരകാര്യ വകുപ്പ്

**അനുബന്ധം- I**

# ഹാജർ

1. ശ്രീമതി ഹരിത വി കുമാർ ഐ എ എസ് ,ഡയറക്ടർ നഗരകാര്യ വകുപ്പ്
2. ശ്രീമതി മൃൺമയി ജോഷി ശശാങ്ക് ,ഐ എ എസ് ,സെക്രട്ടറി ,കോഴിക്കോട് കോർപ്പറേഷൻ
3. ശ്രീ .ബിനു ഫ്രാൻസിസ് ,പ്രോഗ്രാം ഓഫീസർ ,കുടുംബശ്രീ.
4. ശ്രീ ബി കെ ബാലരാജ് ,ജോയിന്റ് ഡയറക്ടർ) ഭരണം (നഗരകാര്യ വകുപ്പ്
5. ശ്രീ അഭിലാഷ് വി പി) മുനിസിപ്പൽ സെക്രട്ടറി (സ്റ്റേറ്റ് ഓഫീസർ ,അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി.
6. ശ്രീ .വി.ആർ .രാജു ,കോർപ്പറേഷൻ സെക്രട്ടറി ,കൊല്ലം) കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ക/ഇ(
7. ശ്രീ റാം മോഹൻ റോയ് , സീനിയർ സൂപ്രണ്ട്) മേഖലാ ജോയിന്റ് ഡയറക്ടർ ഇൻ-ചാർജ്ജ് (കൊച്ചി.
8. ശ്രീ പവിത്രൻ കെ ,സീനിയർ സൂപ്രണ്ട് ,മേഖലാ ജോയിന്റ് ഡയറക്ടറാഫീസ് , കോഴിക്കോട്.
9. ശ്രീമതി എസ് അനിത ,ജൂനിയർ സൂപ്രണ്ട് ,മേഖലാ ജോയിന്റ് ഡയറക്ടറാഫീസ് , കൊല്ലം.
10. ശ്രീ .എൽ .ആർ .ചിത്തർ ,ഡയറക്ടർ) ഉണ്) ,ശുചിത്വ മിഷൻ
11. ശ്രീ അഭിലാഷ് വി പി) മുനിസിപ്പൽ സെക്രട്ടറി (സ്റ്റേറ്റ് ഓഫീസർ ,അയ്യങ്കാളി നഗര തൊഴിലുറപ്പു പദ്ധതി.
12. ശ്രീ .വി.ആർ .രാജു ,കോർപ്പറേഷൻ സെക്രട്ടറി ,കൊല്ലം) കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ ക/ഇ(
13. ശ്രീമതി .പി.എ മിനി ,അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ,നഗരകാര്യ വകുപ്പ്
14. ശ്രീ .എസ് .ജയകൃഷ്ണൻ ,പി.എഫ്.ഒ ,നഗരകാര്യ വകുപ്പ്.
15. ശ്രീ .എ) പ്രേമകുമാർ ,പെൻഷൻ ഓഫീസർ ,നഗരകാര്യ വകുപ്പ്

**<u>അനുബന്ധം – II</u>**

## <u>നഗരസഭാ സെക്രട്ടറിമാരുടെ ഹാജർ</u>

1. ശ്രീമതി. ദീപ. എൽ. എസ്, കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം
2. ശ്രീ. ഹരികുമാർ. കെ, അഡീഷണൽ സെക്രട്ടറി, തിരുവനന്തപുരം
3. ശ്രീ. വി. ആർ. രാജു, കോർപ്പറേഷൻ സെക്രട്ടറി, കൊല്ലം
4. ശ്രീ. നിസാറുദ്ദീൻ, കോർപ്പറേഷൻ സെക്രട്ടറി, തൃശൂർ
5. ശ്രീമതി. എ. എസ്. അനുജ, കോർപ്പറേഷൻ സെക്രട്ടറി, കൊച്ചി
6. ശ്രീമതി. ഡി. ശ്രീകുമാരി, ഡെപ്യൂട്ടി സെക്രട്ടറി, കണ്ണൂർ കോർപ്പറേഷൻ
7. ശ്രീ. സജി. എസ്. എസ്, സെക്രട്ടറി, നെയ്യാറ്റിൻകര നഗരസഭ
8. ശ്രീമതി. ബീന. എസ്. കുമാർ, സെക്രട്ടറി, നെടുമങ്ങാട് നഗരസഭ
9. ശ്രീ. പ്രദീപ് കുമാർ. ആർ, സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ
10. ശ്രീമതി. ശാന്തി. ജി. ആർ, സൂപ്രണ്ട്, വർക്കല നഗരസഭ
11. ശ്രീ. ശ്രീകാന്ത്. എ. എസ്, സെക്രട്ടറി, പരവൂർ നഗരസഭ
12. ശ്രീമതി. ഷെർലാ ബീഗം, സെക്രട്ടറി, കരുനാഗപ്പള്ളി നഗരസഭ
13. ശ്രീ. നൈസാം. എ. എസ്, സെക്രട്ടറി, പുനലൂർ നഗരസഭ
14. ശ്രീ. സനൽ കുമാർ. ഡി. വി, സെക്രട്ടറി, കൊട്ടാരക്കര നഗരസഭ
15. ശ്രീ. ദീപേഷ്. ആർ. കെ. സെക്രട്ടറി, അടൂർ നഗരസഭ
16. ശ്രീമതി. മുംതാസ്. എ. എം, സെക്രട്ടറി, പത്തനംതിട്ട നഗരസഭ
17. ശ്രീ. സി. കെ. അനിൽ കുമാർ, പി. എ. ടു സെക്രട്ടറി, തിരുവല്ല നഗരസഭ
18. ശ്രീ. ഷാജു. ജോർജ്, സെക്രട്ടറി (ഇൻ-ചാർജ്), പന്തളം നഗരസഭ
19. ശ്രീ. അനിൽ കുമാർ. ആർ. എസ്, സെക്രട്ടറി (ഇൻ-ചാർജ്), ആലപ്പുഴ നഗരസഭ
20. ശ്രീ. സജി. എൽ. എസ്, സെക്രട്ടറി, കായംകുളം നഗരസഭ
21. ശ്രീ. ജയകുമാർ, സെക്രട്ടറി, ചേർത്തല നഗരസഭ
22. ശ്രീ. ബിജു. എസ്, സെക്രട്ടറി, മാവേലിക്കര നഗരസഭ
23. ശ്രീ. കെ. അജിത് കുമാർ, സെക്രട്ടറി (ഇൻ-ചാർജ്), ചെങ്ങന്നൂർ നഗരസഭ
24. ശ്രീ. ജെ. മുഹമ്മദ് ഷാഫി, സെക്രട്ടറി, ഹരിപ്പാട് നഗരസഭ

25. ശ്രീ. വെങ്കിടേശ്വര്‍, സെക്രട്ടറി (ഇന്‍-ചാര്‍ജ്), ചങ്ങനാശ്ശേരി നഗരസഭ
26. ശ്രീ. പി. കെ. സജീവ്, സെക്രട്ടറി, കോട്ടയം നഗരസഭ
27. ശ്രീ. രാജു. ടി. കെ, ഓവര്‍സിയര്‍, വൈക്കം നഗരസഭ
28. ശ്രീ. ബി. അജയകുമാര്‍, സെക്രട്ടറി, (ഇന്‍-ചാര്‍ജ്), പാലാ നഗരസഭ
29. ശ്രീമതി. വ്യജ. എന്‍. കെ, സെക്രട്ടറി, ഏറ്റുമാനൂര്‍ നഗരസഭ
30. ശ്രീമതി. കവിത. എസ്. കുമാര്‍, സെക്രട്ടറി, ഈരാറ്റുപേട്ട നഗരസഭ
31. ശ്രീ. പ്രദീപ് കുമാര്‍. ബി, ഹെല്‍ത്ത് സൂപ്പര്‍വൈസര്‍, തൊടുപുഴ നഗരസഭ
32. ശ്രീ. കെ. കൃഷ്ണകുമാര്‍, സെക്രട്ടറി, (ഇന്‍-ചാര്‍ജ്), കട്ടപ്പന നഗരസഭ
33. ശ്രീ. സാംജി ഡേവിഡ്, സെക്രട്ടറി, കോതമംഗലം നഗരസഭ
34. ശ്രീ. ഷിബു. വി. പി, സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭ
35. ശ്രീ. യു. എസ്. സതീശന്‍, സെക്രട്ടറി, പെരുമ്പാവൂര്‍ നഗരസഭ
36. ശ്രീ. ബി. അനില്‍ കുമാര്‍, സെക്രട്ടറി, മരട് നഗരസഭ
37. ശ്രീ. അഭിലാഷ് കുമാര്‍, സെക്രട്ടറി, തൃപ്പൂണിത്തുറ നഗരസഭ
38. ശ്രീ. പി. വി. ബേബി, സൂപ്രണ്ട്, തൃക്കാക്കര നഗരസഭ
39. ശ്രീ. എ. ശ്രീകുമാരന്‍, സെക്രട്ടറി (ഇന്‍-ചാര്‍ജ്), കളമശ്ശേരി നഗരസഭ
40. ശ്രീ. ബിജുമോന്‍ ജേക്കബ്, സെക്രട്ടറി, എലൂര്‍
41. ശ്രീമതി. നീതുലാല്‍. ബി, സെക്രട്ടറി, നോര്‍ത്ത് പറവൂര്‍
42. ശ്രീമതി. ബിന്ദു. വി. കെ, പി.എ ടു സെക്രട്ടറി, ആലുവ
43. ശ്രീ. എസ്. നാരായണന്‍, സെക്രട്ടറി, അങ്കമാലി നഗരസഭ
44. ശ്രീ. നവാസ്. എ, സെക്രട്ടറി, പിറവം നഗരസഭ
45. ശ്രീമതി. രാജശ്രീ. പി. നായര്‍, സെക്രട്ടറി, കൂത്താട്ടുകുളം
46. ശ്രീ. ടോബി തോമസ്, സെക്രട്ടറി, ചാലക്കുടി നഗരസഭ
47. ശ്രീമതി. പി. എ. തങ്കമണി, സൂപ്രണ്ട്, ഇരിങ്ങാലക്കുട നഗരസഭ
48. ശ്രീ. എന്‍. സി. വിജയന്‍, സെക്രട്ടറി (ഇന്‍-ചാര്‍ജ്), കൊടുങ്ങല്ലൂര്‍ നഗരസഭ
49. ശ്രീ. എന്‍. കെ. രമേശന്‍, റവന്യൂ ഓഫീസര്‍, കുന്നംകുളം നഗരസഭ
50. ശ്രീ. എം. എം. ഗോപാലന്‍, ഹെല്‍ത്ത് സൂപ്പര്‍വൈസര്‍, ഗുരുവായൂര്‍ നഗരസഭ
51. ശ്രീമതി. സിനി. ടി. എന്‍, സെക്രട്ടറി, ചാവക്കാട് നഗരസഭ.
52. ശ്രീമതി. രമ്യാ കൃഷ്ണന്‍, സെക്രട്ടറി, വടക്കാഞ്ചേരി നഗരസഭ.
53. ശ്രീമതി. എസ്. സുന്ദരി, സെക്രട്ടറി (ഇന്‍-ചാര്‍ജ്), ചിറ്റൂര്‍-തത്തമംഗലം നഗരസഭ
54. ശ്രീ. രഘുരാമന്‍, സെക്രട്ടറി, പാലക്കാട് നഗരസഭ
55. ശ്രീ. വി. മണികണ്ഠന്‍, സെക്രട്ടറി (ഇന്‍-ചാര്‍ജ്), ഒറ്റപ്പാലം നഗരസഭ

56. ശ്രീ. ഇ. ഡി. ബെന്നി, സെക്രട്ടറി, ഷൊർണ്ണൂർ നഗരസഭ
57. ശ്രീ. നന്ദകുമാർ, റവന്യൂ ഇൻസ്പെക്ടർ, മണ്ണാർകാട് നഗരസഭ
58. ശ്രീമതി. സീന. എച്ച്. സെക്രട്ടറി, പട്ടാമ്പി നഗരസഭ
59. ശ്രീ. സനൽ. എസ്, സെക്രട്ടറി, ചെർപ്പുളശ്ശേരി നഗരസഭ
60. ശ്രീ. കൃഷ്ണകുമാർ. എൻ. കെ, സെക്രട്ടറി, മലപ്പുറം നഗരസഭ
61. ശ്രീ. പവിത്രൻ. പി, സെക്രട്ടറി (ഇൻ-ചാർജ്), മഞ്ചേരി നഗരസഭ
62. ശ്രീ. കെ. കെ. മനോജ്, സെക്രട്ടറി, പൊന്നാനി നഗരസഭ
63. ശ്രീ. വിനു. സി. കുഞ്ഞപ്പൻ, സെക്രട്ടറി, തിരൂർ നഗരസഭ
64. ശ്രീ. പ്രമോദ്. കെ. സെക്രട്ടറി, പെരിന്തൽമണ്ണ നഗരസഭ
65. ശ്രീ. എ. നൗഷാദ്, സെക്രട്ടറി, കോട്ടയ്ക്കൽ നഗരസഭ
66. ശ്രീ. ആകാഷ്. എം. എസ്, സെക്രട്ടറി, നിലമ്പൂർ നഗരസഭ
67. ശ്രീ. സ്മിരീഷ് ലാൽ. കെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കൊണ്ടോട്ടി നഗരസഭ
68. ശ്രീ. സുജിത്. ടി. കെ, സെക്രട്ടറി, വളാഞ്ചേരി നഗരസഭ
69. ശ്രീ. ജൂഹി മരിയ, സെക്രട്ടറി, താനൂർ നഗരസഭ
70. ശ്രീ. ബിജു ഫ്രൻസിസ്, റവന്യൂ ഇൻസ്പെക്ടർ, പരപ്പനങ്ങാടി നഗരസഭ
71. ശ്രീ. എസ്. ജയകുമാർ, സെക്രട്ടറി, തിരൂരങ്ങാടി നഗരസഭ
72. ശ്രീമതി. ബിനു. കെ.യു, സെക്രട്ടറി, വടകര നഗരസഭ
73. ശ്രീമതി. ഷെറിൽ സോളമൻ, സെക്രട്ടറി, കൊയിലാണ്ടി നഗരസഭ
74. ശ്രീ. സുരേഷ് കുമാർ. എൻ, സെക്രട്ടറി, രാമനാട്ടുകര നഗരസഭ
75. ശ്രീ. അനീഷ് കുമാർ, സെക്രട്ടറി (ഇൻ-ചാർജ്) ഫറോക്ക് നഗരസഭ
76. ശ്രീമതി. ജസീത. പി. ജെ. സെക്രട്ടറി, പയ്യോളി നഗരസഭ
77. ശ്രീ. എ. എം. അനിൽ കുമാർ, സൂപ്രണ്ട്, കൊടുവള്ളി നഗരസഭ
78. ശ്രീ. ഹരീഷ്. എൻ. കെ, സെക്രട്ടറി, മുക്കം നഗരസഭ
79. ശ്രീ. കെ. ജി. രവീന്ദ്രൻ, സെക്രട്ടറി, കല്പറ്റ നഗരസഭ
80. ശ്രീ. പി.ജി. മുരളീധരൻ, സെക്രട്ടറി (ഇൻ-ചാർജ്) മാനന്തവാടി നഗരസഭ
81. ശ്രീ. പ്രവീൺ. എ, സെക്രട്ടറി, സുൽത്താൻ ബത്തേരി നഗരസഭ
82. ശ്രീ. സ്മിജേഷ്. എൻ. കെ, സൂപ്രണ്ട്, തലശ്ശേരി നഗരസഭ
83. ശ്രീ. ആർ. ഹർഷകുമാർ, സൂപ്രണ്ട്, തളിപ്പറമ്പ് നഗരസഭ
84. ശ്രീ. മനോജ് കുമാർ. സി, സൂപ്രണ്ട്, പയ്യന്നൂർ നഗരസഭ
85. ശ്രീമതി. പി. വി. നിഷ, റവന്യൂ ഇൻസ്പെക്ടർ, മട്ടന്നൂർ നഗരസഭ
86. ശ്രീ. സത്യൻ വെള്ളോത്ത്, റവന്യൂ ഇൻസ്പെക്ടർ, കൂത്തുപറമ്പ് നഗരസഭ

87. ശ്രീ. എൻ. കെ. ദിനേശൻ, സൂപ്രണ്ട്, ആന്തൂർ നഗരസഭ

88. ശ്രീ. ഉസ്മാൻ ചാലിയാടൻ, ഹെൽത്ത് ഇൻസ്പെക്ടർ, ഇരിട്ടി നഗരസഭ

89. ശ്രീ. ശ്രീകുമാർ. എസ്, ഹെൽത്ത് ഇൻസ്പെക്ടർ, പാനൂർ നഗരസഭ

90. ശ്രീ. വി. പി. അബ്ദുൾ നാസർ, ഓവർസീയർ, ശ്രീകണ്ഠപുരം നഗരസഭ

91. ശ്രീ. കെ. മനോഹരൻ, സെക്രട്ടറി, കാഞ്ഞങ്ങാട് നഗരസഭ

92. ശ്രീ. സജിത് കുമാർ. വി, സെക്രട്ടറി, കാസർകോട് നഗരസഭ

93. ശ്രീ. കെ. അഭിലാഷ്. സെക്രട്ടറി, നീലേശ്വരം നഗരസഭ